13. ശ്രീമതി സരോജിനി, ആലംപാറ
14. ശ്രീ. വിൽസൺ കുളത്തൂർ
15. ശ്രീമതി അമ്മിണി, നരേന്ദ്രറോഡ് കോളനി
16. വാഗാ വിൽസൺ
17. ശ്രീമതി ജാനു, ടി. സി., തൂവക്കടവിൽ
18. ശ്രീ. ചാത്തി അമ്പലംകുന്ന്
19. ശ്രീ. ബാലൻ, തൂവക്കടവിൽ

(പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. പേരുവിവരം ചുവടെ ചേർക്കുന്നു).

1. ശ്രീമതി പുഷ്പ, പി. കെ., പേരാമ്പ്ര
2. ശ്രീ. കെ. എം. ബാലൻ നെടുവന്നൂർ
3. ശ്രീമതി അനിതാ ശ്രീധരൻ, മേപ്പയൂർ
4. ശ്രീ. രവീന്ദ്രൻ, നടുവന്നൂർ
5. ശ്രീ. കുട്ടപ്പൻ, പെന്നാവൂർ

ബാക്കി 19 പേരുടെ അപേക്ഷ പരിശോധിച്ചു വരികയാണ്.

റാന്നി-പെരുനാട് പഞ്ചായത്തിലെ ളാഹ-രാജാമ്പാറ ഗിരിവർഗ്ഗക്കാരുടെ ജാതി സംബന്ധിച്ച പരാതി

153 [1961] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി-പെരുനാട് പഞ്ചായത്തിലെ ളാഹ-രാജാമ്പാറ ഗിരിവർഗ്ഗ കോളനിയിലെ ചിലരുടെ ജാതി സംബന്ധിച്ച പരാതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് റാന്നി തഹസിൽദാർ കിർത്താഡ്സ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതനുസരിച്ച് ഡയറക്ടർ ഈ പ്രദേശത്ത് സന്ദർശനം നടത്തിയിരുന്നോ;

(ഡി) ഇതു സംബന്ധിച്ച് റിപ്പോർട്ട് എത്ര നാളുകൾക്കകം സമർപ്പിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഇ) ഈ കോളനിയിലെ നിരവധി പാവപ്പെട്ടവർക്ക് ത്രിതല പഞ്ചായത്തുകളുടേയോ വകുപ്പിന്റെയോ യാതൊരു വിധ ആനുകൂല്യങ്ങളും ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽ പെരുനാട് വില്ലേജിലെ ളാഹ-രാജാമ്പാറ കോളനിയിൽ തമാസിക്കുന്നവരുടെ യഥാർത്ഥ ജാതിയെ സംബന്ധിച്ച് സംശയം ഉള്ളതിനാൽ അന്വേഷണം നടത്തണമെന്ന് റാന്നി തഹസിൽദാർ കിർത്താഡ്സ് ഡയറക്ടറോട് ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല. ജാതി സംബന്ധിച്ച് അന്വേഷണം നടത്തുന്നത് കിർത്താഡ്സിലെ നരവംശശാസ്ത്ര വിഭാഗം ഉദ്യോഗസ്ഥരാണ്. ഈ വിഭാഗത്തിലെ ഒരു ഉദ്യോഗസ്ഥൻ പ്രസ്തുത പ്രദേശങ്ങളിൽ സന്ദർശനം നടത്തിയിട്ടുണ്ട്.

(ഡി) മുൻഗണനാ ക്രമമനുസരിച്ച് സമർപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ ആന്റ് എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗ മലപണ്ടാരം സമുദായത്തിൽപ്പെട്ടവരാണെന്ന് അവകാശം ഉന്നയിച്ചവരുടെ കാര്യത്തിൽ റവന്യൂ അധികാരികൾക്ക് വസ്തുത ബോധ്യപ്പെടാത്തതിനാൽ ജാതി സർട്ടിഫിക്കറ്റുകളും അതുവഴിയുള്ള ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. കിർത്താഡ്സ് നടത്തുന്ന അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

വേട്ടുവരെ പട്ടികവർഗ്ഗക്കാരായി അംഗീകരിക്കാൻ നടപടി

154 [1962] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ വേട്ടുവരെ മലവേട്ടുവരായി അംഗീകരിച്ച് ഉത്തരവുണ്ടാകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്താണെന്ന് അറിയിക്കാമോ;

(ബി) ഇതുസംബന്ധിച്ച കിർത്താഡ്സ് റിപ്പോർട്ടുകളോ ശുപാർശകളോ സർക്കാരിനു സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ ജില്ലകളിലെ വേട്ടുവർ ഇതേവരെ പട്ടികവർഗ്ഗ സമുദായമെന്ന സർട്ടിഫിക്കറ്റുകൾ ലഭിച്ച് ആനുകൂല്യങ്ങൾ കൈപ്പറ്റിയവരാണെന്നിരിക്കെ അത് നിഷേധിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ വിഷയത്തിൽ ബഹു. ഹൈക്കോടതിയുടെ എന്തെങ്കിലും ഉത്തരവ് പ്രാബല്യത്തിലുണ്ടോ;

(ഇ) മറ്റ് പട്ടികവർഗ്ഗ സമുദായങ്ങൾക്ക് തുല്യമായ പിന്നോക്കാവസ്ഥ അനുഭവിക്കുന്ന കാസറഗോഡ്-കണ്ണൂർ ജില്ലകളിലെ വേട്ടുവരെ മലവേട്ടുവരായി അംഗീകരിക്കാനോ പട്ടികവർഗ്ഗ സമുദായത്തിൽ ഉൾപ്പെടുത്താനോ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly